# അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

# പള്ളിപ്പുറം

# വാർഡ് നമ്പർ 15

# <u>സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്റ്റംബർ അഞ്ചിന് പാസാക്കി 2006 ഫെബ്രുവരി രണ്ടിന് നിലവിൽവന്നു ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുസരിച്ച് ഒരു കുടുംബത്തിന് 100 തൊഴിൽ ദിനങ്ങൾ നൽകുന്നതിലൂടെ ദാരിദ്ര്യ ലഘൂകരണം ആണ് ലക്ഷ്യമിടുന്നത് 2006 പദ്ധതി നിലവിൽ വന്നപ്പോൾ കേരളത്തിലെ രണ്ട് ജില്ലകളിൽ (പാലക്കാട് വയനാട് )ആരംഭിച്ചത്. 2008 ഓടുകൂടി മറ്റു ജില്ലകളിലേക്കും വ്യാപിച്ചു. തുടക്കത്തിൽ 125 രൂപ കൂലി യിൽ നിന്നും ഘട്ടംഘട്ടമായി 271 രൂപയായി വർധിപ്പിച്ചു. 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പ് നിയമം 17 (A )വകുപ്പ് പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ സംഘടിപ്പിക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ, പോത്തൻകോട് ബ്ലോക്കിൽ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ പള്ളിപ്പുറം (15) വാർഡിലെ 2018 -19 സാമ്പത്തിക വർഷം ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിലെ ഫയൽ, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി നേരിട്ട് സംസാരിച്ചപ്പോൾ ലഭിച്ച വിവരങ്ങൾ എല്ലാം ചേർത്ത് തയ്യാറാക്കിയ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട്

## <u>ഫയൽ പരിശോധന റിപ്പോർട്ട്</u>

പ്രവൃത്തിയുടെ പേര് :പാട്ടക്കൃഷി

**Work code : Dp/274018 എവർഗ്രീൻ**

**Dp/274569 ഗ്രീൻഫീൽഡ്**

എന്നീ പാട്ടകൃഷിയുമായി ബന്ധപ്പെട്ട രണ്ട് ഫയലുകൾ ആണ് ഞങ്ങൾ പരിശോധിച്ചത്.ഫയൽ പരിശോധനയിൽ നിന്നും

AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നില്ല.

ചെക്ക് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നില്ല

ഡിമാൻഡ് ഫോം ഇല്ലായിരുന്നു

ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല

Dp/274018 എവർഗ്രീൻ ഫയലിൽ വർക്ക് അലോക്കേഷൻ ഉൾപ്പെടുത്തിയിരുന്നില്ല

ഭരണാനുമതി സെക്യൂറിൽ നിന്നുമുള്ള കോപ്പി ഉണ്ടായിരുന്നു. എന്നാൽ ബന്ധപ്പെട്ട അധികാരികളുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.

സാങ്കേതിക അനുമതി പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന കോപ്പിയും സെക്യൂറിൽ നിന്നുമുള്ള കോപ്പിയും ഉൾപ്പെടുത്തിയിരുന്നു.

ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

ഡ്രോയിങ്സ് ആൻഡ് ഡിസൈൻ ഉണ്ടായിരുന്നില്ല.

3സ്റ്റേജ് ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നില്ല

M.ബുക്ക് ഉൾപ്പെടുത്തിയിരുന്നു

മസ്റ്റർ റോൾ

2ഫയലുകളിലായി 68 മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു.

മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ വർക്ക് സ്റ്റാർട്ടിങ് ഡേറ്റ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്ത് കാണപ്പെട്ടു.

മാസ്റ്റർ റോളുകളിൽ ട്രാവലെല്ലിങ് എക്സ്പെൻസ് കോളത്തിൽ ഷാർപെനിംഗ് ചാർജും ഷാർപെനിംഗ് ചാർജ് കോളത്തിൽ ആകെ തുകയും രേഖപ്പെടുത്തിയിരിക്കുന്നു

Dp/274569 ഗ്രീൻഫീൽഡ് ഫയലിൽ മസ്റ്റർ റോൾ നമ്പർ 11745, 11746 ൽ അറ്റൻഡൻസ് കോളത്തിൽ ദിവസക്കൂലിയായ 271 രേഖപ്പെടുത്തിയിരിക്കുന്നു

ഗ്രീൻഫീൽഡ് ഫയലിലെ ഭൂരിഭാഗം മസ്റ്റർ റോളുകളിലും മേറ്റ് ന്റെ ഒപ്പ് ഉണ്ടായിരുന്നില്ല

ഇതേ ഫയലിലെ മസ്റ്റർ റോൾ നമ്പർ 15920ൽ (6/1/19) രാവിലെ ഒപ്പ് രേഖപെടുത്തിയിരുന്നു എന്നാൽ ആ കോളം വെട്ടിയിരിക്കുന്നു

Dp/ 274018 എവർഗ്രീൻ ഫയലിലെ മസ്റ്റർ റോൾ നമ്പർ 25955 ൽ 16/ 33 സഫീദ 16 /66ഷൈല ബീവി 16/ 70 നസീബ ബീവി 17 /1 മഞ്ജുഷ എന്നിവരുടെഒപ്പ് വെട്ടി അബ്സന്റെ ആക്കിയിരിക്കുന്നു

മസ്റ്റർ റോൾ നമ്പർ 28115 15/14 പൊന്നമ്മ 15/19 ഷീല 15/2 ജമീല 15/26 ലക്ഷ്മി എന്നിവരുടെ ഒപ്പ് വെട്ടി ആപ്സന്റ് ആക്കി

മസ്റ്റർ റോൾ നമ്പർ 28116 ൽ 15/32 വസന്ത 15/50 ശാന്ത 15/7 വസന്ത എന്നിവരുടെ ഒപ്പ് ആപ്സൻറ് ആക്കി

മസ്റ്റർ റോൾ നമ്പർ 25 954 15/28 വസന്ത 15 / 4 കമലമ്മ 15/ 456 ബീനാകുമാരി 15/459 ശൈലജ എന്നിവരുടെ ഒപ്പ് വെട്ടി അപ്സന്റ് ആക്കി

.

മസ്റ്റർ റോൾ മൂവമെന്റ് സ്ലിപ് ഉണ്ടായിരുന്നില്ല

wage list ഉണ്ടായിരുന്നു

FTO ഉണ്ടായിരുന്നു

സൈറ്റ് ഡയറി ഉണ്ടായിരുന്നു.

## ഫീൽഡ് പരിശോധന റിപ്പോർട്ട്

പാട്ടക്കൃഷിയുമായി ബന്ധപ്പെട്ട 2 ഫയലുകളിലുമായി 14 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ആണ് ഞങ്ങൾക്ക് പരിശോധിക്കാൻ ഉണ്ടായിരുന്നത്.വാഴ, മരച്ചീനി, കപ്പലണ്ടി, പച്ചക്കറികൾ തുടങ്ങിയവ നട്ടിരുന്നതായി പറഞ്ഞു.വാഴ മരച്ചീനി എന്നിവ സൈറ്റിൽ കാണാൻ കഴിഞ്ഞു.പച്ചക്കറി വിളവെടുത്തതായും ആദായം ലഭിച്ചിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞു.CIB ഉണ്ടായിരുന്നില്ല

## ഡോർ റ്റു ഡോർ വെരിഫിക്കഷേൻ റിപ്പോർട്ട്

തൊഴിലുറപ്പ് പണി നടക്കുന്ന സ്ഥലമായിരുന്നു സന്ദർശിച്ചത് തൊഴിലാളികളെല്ലാം അവിടെ ഉണ്ടായിരുന്നു തുടർന്ന് ഒരു വി ആർ പി 10 അവകാശങ്ങളെപ്പറ്റി തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കുകയും ഒരു വി ആർ പി.തൊഴിൽ കാർഡ് പരിശോധന നടത്തുകയും ചെയ്തു. തൊഴിലാളികൾക്കാർക്കും അവരുടെ അവകാശങ്ങളെപ്പറ്റി കാര്യമായി അറിവില്ലായിരുന്നു. അവകാശങ്ങളെപ്പറ്റി പറഞ്ഞതിൽ പിന്നെ അവർക്ക് സംശയങ്ങളും പരാതികളും ഉണ്ടായി.തൊഴിലാളികൾ നഴ്സറി നടത്തിയിരുന്നു അതിനു മണ്ണ് ഇറക്കിയതിന്റെ പൈസെ

കിട്ടിയില്ല എന്ന് പറയുകയുണ്ടായി. തൊഴിൽ കാർഡ് പൂർണമല്ലായിരുന്നു. തൊഴിൽ കാർഡിനെ പറ്റിയുള്ള നിർദേശങ്ങൾ കൺവീനർ മാർക്ക് ലഭിച്ചിട്ടില്ല എന്നു മനസിലായി. തൊഴിൽ കാർഡ് എഴുതേണ്ട രീതി പറഞ്ഞു കൊടുത്തു

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

ബ്ലോക്ക് : പോത്തൻകോഡ്

ഗ്രാമ പഞ്ചായത്ത് : അണ്ടൂർക്കോണം

വാർഡ് : പള്ളിപ്പുറം

സ്ഥലം : മഹിളാ സമാജം, പള്ളിപ്പുറം

സമയം : 11.00 am

തീയതി : 08/11/2019

**അജണ്ട** : അധ്യക്ഷയെ തിരഞ്ഞെടുക്കൽ

ഈശ്വര പ്രാർത്ഥന

ഭരണഘടന പ്രതിജ്ഞ

സ്വാഗതം

റിപ്പോർട്ട് അവതരണം

ചർച്ച

തീരുമാനം

കൃതജ്ഞത

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിലെ പള്ളിപ്പുറം വാർഡിന്റെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 08/11/19 വെള്ളിയാഴ്ച രാവിലെ 11 മണിക് മഹിളാസമാജം ബിൽഡിങ്ങിൽ വെച്ച് നടന്നു .തൊഴിലാളികളിൽ നിന്നും ജമീല യെ അധ്യക്ഷയായി തിരഞ്ഞെടുത്തു .ഈശ്വര പ്രാത്ഥനയോടുകൂടി ഗ്രാമസഭ ആരംഭിച്ചു. vrp മോനിഷ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എല്ലാപേരും ഏറ്റു പറഞ്ഞു.വാർഡ് മെമ്പറിന്റെ അഭാവത്തിൽ സി ഡി എസ് അംഗം ഷീജ സ്വാഗത പ്രസംഗം നടത്തി . ശേഷം vrp ഉൽപ്രേക്ഷ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് ഉദ്ദേശം എന്നിവയെ കുറിച് സംസാരിക്കുകയും vrp ദിവ്യ തൊഴിലാളികളുടെ 10 അവകാശം പറയുകയും വിശദീകരിക്കുകയും ചെയ്തു.vrp സുരഭി കരട് റിപ്പോർട്ട് അവതരിപ്പിച്ചു.ഫയൽ ഫീൽഡ് പരിശോദിച്ചതിന്റെ കരട് റിപ്പോർട്ട് ആണ് അവതരിപ്പിച്ചത്. റിപ്പോർട്ട് അവതരണത്തിന് ശേഷം ചർച്ചക്കുള്ള

സമയമായിരുന്നു.തൊഴിലാളികൾ അവരുടെ പരാതികൾ പറഞ്ഞു.

**ചർച്ച**

സൗദ : തൊഴിൽ സമയം.രാവിലെ 9 മുതൽ 4.30 ആക്കുക

വേതനം 300 രൂപയായി വര്ധിപ്പിക്കുക

ബീന : തൊഴിൽ ദിനങ്ങൾ 150 ആക്കുക

ഷൈല : ഈ വർഷം ചെയ്ത 23 ദിവസത്തെ പണിയുടെ കൂലി കിട്ടിയില്ല

ഷീജ : തോടുപണി ചെയ്യുവാൻ കയ്യുറ കാലുറ എന്നിവ കൊടുക്കുക അല്ലങ്കിൽ വാങ്ങുന്നതിനു പൈസ കൊടുക്കുക

ലീലാമണി : തൊഴിൽ സ്ഥലത്തു വെച്ച് അപകടം ഉണ്ടായി അതിന് ചിലവായ പൈസ കിട്ടിയില്ല

ശാന്ത : അപകടം പറ്റിയതിന്റെ ചികിത്സ ചെലവ് കിട്ടിയില്ല

പരാതികൾക്കുള്ള മറുപടി മറുപടി ഓവർ സീയർ നൽകി

* ജോലി സമയം 9 മുതൽ 5മണിവരെ ആണ്.സമയം മാറ്റാൻ ഞങ്ങൾക്ക് അധികാരം ഇല്ല

*കൂലി ലഭിക്കാത്തതു ഫണ്ട് വരാൻ താമസിക്കുന്നത് കൊണ്ട് ആണ്

*മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടാകാതിരിക്കാൻ മേറ്റ് ശ്രദ്ധിക്കണം

ചർച്ച തീരുമാനത്തിന് ശേഷം vrp അഖിൽ കൃതജ്ഞത പറഞ്ഞു.ദേശീയഗാനത്തോടുകൂടി ഗ്രാമസഭ അവസാനിച്ചു.